# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല
## മിനിറ്റ്സ്, 94- മത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗം

തീയ്യതി : 13 മാർച്ച് 2026, സമയം : രാവിലെ 11.00 മണി

വേദി: കോൺഫറൻസ് ഹാൾ, വൈസ് ചാൻസലറുടെ സെക്രട്ടറിയേറ്റ്, പൂക്കോട്, വയനാട്.

(ഫയൽ നമ്പർ: KVASU/GA/B1/431/2026)

ഹാജരായ അംഗങ്ങൾ:

1. ഡോ. അനിൽ. കെ.എസ്. വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്) - അധ്യക്ഷൻ
2. ഡോ. ബിപിൻ. കെ.സി. (തിരഞ്ഞെടുക്കപ്പെട്ട മാനേജ്മെന്റ് കൗൺസിൽ അംഗം)
3. ഡോ. ശ്രീരഞ്ജിനി. എ.ആർ. (തിരഞ്ഞെടുക്കപ്പെട്ട മാനേജ്മെന്റ് കൗൺസിൽ അംഗം)
4. ശ്രീ. സന്തോഷ്. സി.ആർ. (തിരഞ്ഞെടുക്കപ്പെട്ട മാനേജ്മെന്റ് കൗൺസിൽ അംഗം)
5. ഡോ. ടി. എസ്. രാജീവ്, രജിസ്ട്രാർ (ഇൻ-ചാർജ്ജ്) - മെമ്പർ സെക്രട്ടറി

യോഗം 11.00 മണിക്ക് ആരംഭിച്ചു. അധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.1 | 07-01-2026-ന് നടന്ന 93-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ മിനിറ്റ്സ് അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | ചുവടെ പറയുന്ന മാറ്റങ്ങളോടെ 93-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ മിനിറ്റ്സ് അംഗീകരിച്ചു.<br>ഇനം 5.1 : അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നതിന് പകരം അസിസ്റ്റൻറ് എൻജിനീയർ തസ്തിക 3 എന്നത് 2 (സിവിൽ-1 ഇലക്ട്രിക്കൽ- 1) എന്നാക്കി കുറക്കുന്നതിനാണ് തീരുമാനിച്ചത് എന്ന് കൂട്ടിച്ചേർത്തു<br>*നടപടി: രജിസ്ട്രാർ/യൂണിവേഴ്സിറ്റി എഞ്ചിനീർ* |
| 1.2 | 26-11-2025-ന് നടന്ന 92-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് (എ.ടി.ആർ.). | അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |

രജിസ്ട്രാർ (മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ
(അധ്യക്ഷൻ)

| | | |
|---|---|---|
| 1.3 | 07-01-2026-ന് നടന്ന 93-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് (എ.ടി.ആർ.). | ചുവടെ പറയുന്ന ചർച്ചകളോടെ അംഗീകരിച്ചു.<br>അജണ്ട കുറിപ്പുകൾക്ക് പുറമേയുള്ള ചർച്ചകളും തീരുമാനങ്ങളും.<br>ഇനം- 5 : ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ (വർഷം, തുക, ഉദ്യോഗസ്ഥന്റെ പേര്) ബന്ധപ്പെട്ട സ്റ്റേഷനിൽ നിന്നും ലഭ്യമാക്കി പരാമർശം ഒഴിവാക്കുന്നതിനായി അപേക്ഷിച്ചു കൊണ്ട് ഓഡിറ്റ് വിഭാഗത്തിലേക്ക് കത്ത് നൽകുന്നതിന് ഫിനാൻസ് ഓഫീസർക്ക് നിർദേശം നൽകുന്നതിന് തീരുമാനിച്ചു.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 1.4 | KVASU/GA/A5/4367/2023<br>KVASU -GA- Permission granted to teachers to visit abroad on personal purpose – Reporting. | Approved<br><br>*Action: Registrar* |
| 1.5 | KVASU/GA/A1/7520/2025<br>KVASU – General Administration – Prof. (Dr.) C. Latha, Registrar i/c & Director of Academics and Research relieved from the additional duties as Registrar, with effect from 19.02.2026 F.N. – Placement of Dr. T. S. Rajeev, Director of Entrepreneurship to the post of the Registrar with full additional charge - Charge arrangements – Reporting. | Approved<br><br>*Action: Registrar* |
| 1.6 | No:KVASU/FW/Funds_1/519/2026<br>കെ.വി.എ.എസ്.യു - ധനകാര്യവിഭാഗം 86-മത് ഭരണ സമിതി യോഗ തീരുമാനമനുസരിച്ച് സർവ്വകലാശാ | *അംഗീകരിച്ചു.* |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ
(അധ്യക്ഷൻ)

| | | |
|---|---|---|
| | ലയുടെ ഭൂമി ദേശീയ പാതാ അതോറിറ്റിക്ക് കൈമാറിയ വകയിൽ ലഭിച്ച തുകയിൽ നിന്നും 1,03,03,804/- രൂപ മൃഗങ്ങളുടെ തീറ്റ വിതരണത്തിനായി അനുവദിച്ചത് - ഭരണസമിതിക്ക് മുൻ പാകെ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്. | *നടപടി: ഫിനാൻസ് ഓഫീസർ* |
| 1.7 | KVASU/GA/C3/5467/2024<br>കെ.വി.എ.എസ്.യു- പൊതുഭരണം- ബേസ് ഫാം കോലാഹലമേടിലെ കാഷൽ ലേബർ ശ്രീ. ജേക്കബ് വൈ -ക്ക് എതിരെ സ്വീകരിച്ച അച്ചടക്ക നടപടി - റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്. | സമർപ്പിച്ച റിപ്പോർട്ട് പരിഷ്കരിച്ച് ടി ജീവനക്കാരന്റെ പേരിൽ സർവീസിൽ ഉണ്ടായിട്ടുള്ള മുഴുവൻ കേസുകളും ഉൾപ്പെടുത്തി അടുത്ത ഭരണ സമിതി യോഗത്തിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു<br><br>*നടപടി: രജിസ്ട്രാർ* |
| 2.1 | KVASU/DAR/Acad/A2/30308/2025<br>DAR - Academic Programmes– Approval of result – Reg. | Approved and recommended to MC<br><br>*Action: DAR* |
| 2.2 | KVASU/DAR/R1-2389/2025<br>KVASU-DAR-Reconstitution of the Research Council of the University - Approval for submission to Management Council - Reg. | Approved with the following modifications as Director of Entrepreneurship in special invitees as SL. No.3 and permitted to place the proposal before Management Council.<br><br>*Action: DAR* |
| 2.3 | KVASU/DAR/R3/1938/2025<br>KVASU-DAR- Meat Technology Unit, Mannuthy– Confirmation of African Swine Fever- Permission for write off the book value of pork meat and products–Reg. | 1. Reports noted<br>2. It is permitted to write off the value of 936 nos of animals, 250kg feed, 300 doses of Classical Swine Fever vaccine, and gum boot.<br><br>*Action: DAR* |
| | KVASU/GA/A3/4592/2024<br>കെ.വി.എ.എസ്.യു – പൊതുഭരണം- | അനുമതി നല്കി. |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ
(അധ്യക്ഷൻ)

| | | |
|---|---|---|
| 3.1 | സർവകലാശാലയിൽ നിലവിലുള്ള ഫാർമസിസ്റ്റ് തസ്തികയിൽ സ്ഥിര നിയമനം സാധ്യമാക്കുന്നത്- സംബന്ധിച്ച്. | വിദ്യാഭ്യാസ യോഗ്യതയിൽ (2) ഡി ഫാം (ഡിപ്ലോമ ഇൻ ഫാർമസി) കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.2 | KVASU/GA/A4/6162/2025<br>കെ.വി.എ.എസ്.യു - പൊതുഭരണം - സർവകലാശാല ആസ്ഥാനത്തും അനുബന്ധ സ്ഥാപനങ്ങളിലും ദിവസവേതന/ കരാർ അടിസ്ഥാനത്തിൽ നിയമനം നല്കുമ്പോൾ സ്വീകരിക്കേണ്ട പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്. | 1 . മാർഗനിർദേശങ്ങളിൽ (vii) ഒഴിവാക്കി കൊണ്ട് പകരം ചുവടെ നൽകിയിരിക്കുന്നതിന് ചേർക്കുവാൻ തീരുമാനിച്ചു.<br><br>കരാർ/താൽക്കാലിക ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് ഓരോ സ്റ്റേഷനുകളിലും രജിസ്റ്റർ സൂക്ഷിക്കേണ്ടതും, കമ്യൂണൽ റൊട്ടേഷൻ നടപ്പിലാക്കേണ്ടതുമാണ്. അടുത്ത സാമ്പത്തിക വർഷം മുതൽ മാർഗനിർദേശ പ്രകാരം മാത്രം നിയമനങ്ങൾ നടത്തേണ്ടതാണ്.<br><br>2. മാർഗ്ഗ നിർദേശങ്ങളിലെ ix-ൽ സ്റ്റേഷൻ മേധാവികളുടെയും/ ഡ്രോയിങ് ആൻഡ് ഡിസ്ബേഴ്സിംഗ് പവർ ഉള്ള ഉദ്യോഗസ്ഥന്റെയും ബാധ്യതയായി കണക്കാക്കുന്നതാണെന്ന് കൂട്ടിച്ചേർത്തു.<br><br>മേൽ തിരുത്തലുകളോട് കൂടി നല്കിയ മാർഗ്ഗനിർദേശം അംഗീകരിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| 3.3 | KVASU/GA/A4/685/2023<br>കെ.വി.എ.എസ്.യു - പൊതുഭരണം - "ഓപ്പറേഷണൽ എക്സ്പെൻസസ് ഓഫ് അഡ്മിനിസ്ട്രേഷൻ" എന്ന പദ്ധതിക്ക് കീഴിൽ ചീഫ് സെക്യൂരിറ്റി ഓഫീസർ തസ്തികയിൽ നിയമിച്ചിരിക്കുന്ന ശ്രീ. രാജു | അനുമതി നൽകി. |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ
(അധ്യക്ഷൻ)

| | | |
|---|---|---|
| | റ്റി.എം-ന്റെ കരാർ കാലാവധി ഒരു വർഷത്തേക്ക് കൂടെ ദീർഘിപ്പിക്കുന്നത് – സംബന്ധിച്ച്. | *നടപടി: രജിസ്ട്രാർ* |
| 3.4 | KVASU/GA/A4/1284/2026<br><br>കെ.വി.എ.എസ്.യു - പൊതുഭരണം - എംപ്ലോയ്മെൻറ് എക്സ്ചെയ്ഞ്ച് മുഖേനയുള്ള വിദഗ്ധ ജീവനക്കാരുടെ നിയമനം - നയപരമായ അഭിപ്രായങ്ങൾ അഭ്യർത്ഥിക്കുന്നത് – സംബന്ധിച്ച്. | എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് നിയമനത്തിന്റെ കാലാവധിയായ ആറുമാസം കഴിഞ്ഞിട്ട് ബ്രേക്ക് നൽകിയതിനു ശേഷം പരമാവധി ഒരു വർഷം വരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അംഗീകാരം നൽകി.<br>*നടപടി: രജിസ്ട്രാർ* |
| 3.5 | KVASU/GA/A6/546/2026<br>KVASU-GA-Notification of direct recruitment to the post of Registrar -reg. | • വിജ്ഞാപനം അംഗീകരിച്ചു. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരികയാണെങ്കിൽ ഇലക്ഷൻ കമ്മീഷന്റെ അനുമതി തേടേണ്ടതാണ്.<br>• കഴിഞ്ഞ തവണ നടത്തിയ സ്കോർ കാർഡ് ഫോർമുല ആയ 80:20 പ്രകാരം നിയമനം നടത്താൻ തീരുമാനിച്ചു.<br>• നിലവിൽ തയ്യാറാക്കിയ സ്കോർ ഷീറ്റിൽ 100 മാർക്ക് 80 മാർക്കിലേക്ക് മാറ്റുന്നതിനായി സ്കോർ ഷീറ്റ് ബഹു. അംഗങ്ങൾക്ക് നൽകി പരിശോധിച്ചു തീരുമാനം അറിയിക്കുവാൻ നിർദേശിച്ചു. അംഗങ്ങളുടെ അഭിപ്രായം പരിശോധിച്ചതിന് ശേഷം ചെയർ തീരുമാനമെടുക്കുന്നതാണ്.<br>• സ്കോർ കാർഡ്, സ്കോർ ഷീറ്റ് എന്നിവ വിജ്ഞാപനത്തിന്റെ കൂടെ പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു.<br>• ഏറ്റവും കൂടുതൽ മാർക്ക് നേടിയ പത്തുപേരെ ഷോർട്ട് ലിസ്റ്റ് ചെയ്ത് |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**

| | | |
|---|---|---|
| | | ആയതിൽ നിന്നും അഭിമുഖം നടത്തുവാൻ തീരുമാനിച്ചു.<br>• സ്കോർ വെരിഫിക്കേഷൻ ഉദ്യോഗാർഥികളുടെ സാന്നിധ്യത്തിൽ ചെയ്യേണ്ടതും അവരെ അറിയിക്കേണ്ടതുമാണ്.<br>• സ്കോർ ഷീറ്റ് (6)- ൽ other activities -ൽ Members in statutory bodies of University/Higher Education Institutions എന്നാക്കി മാറ്റുന്നതിന് തീരുമാനിച്ചു<br><br>നടപടി: രജിസ്ട്രാർ |
| 3.6 | KVASU/GA/C2/1136/2023<br><br>കെ.വി.എ.എസ്.യു– ജി.എ – WP(c).No. 465/2025 നമ്പർ റിട്ട് ഹർജിയുമായി ബന്ധപ്പെട്ട് പ്രൊഫഷണൽ ഫീസും അനുബന്ധ ചെലവുകളും ഉൾപ്പെടുത്തി ₹50,000/- രൂപ അഡ്വ. മനു ഗോവിന്ദിന് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് – സാധൂകരിക്കുന്നത് – സംബന്ധിച്ച്. | സാധൂകരണം നൽകി<br><br>നടപടി: രജിസ്ട്രാർ |
| 3.7 | KVASU/GA/A3/189/2022<br><br>കെ.വി.എ.എസ്.യു - പൊതുഭരണം - സർവകലാശാലയിലെ വിവിധ തസ്തികകളിൽ താത്കാലിക നിയമനം നടത്തുന്നതിനായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ ഘടന പുനഃക്രമീകരിച്ചുകൊണ്ടുള്ള സർക്കുലർ ഭേദഗതി - സംബന്ധിച്ച്. | 1. അംഗീകരിച്ചു.<br>2. രജിസ്ട്രാറുടെ പ്രതിനിധിയായി അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽ കുറയാത്ത ഒരംഗം എന്ന രീതിയിൽ സർക്കുലർ ഭേദഗതി ചെയ്യുന്നതിന് അനുമതി നൽകി.<br>3. അംഗീകാരം നൽകി.<br><br>നടപടി: രജിസ്ട്രാർ |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ
(അധ്യക്ഷൻ)

| | | |
|---|---|---|
| 4.1 | KVASU/DoE/A1/62/2023<br>കെ.വി.എ.എസ്.യു -ഡി ഇ - ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററിൽ ഇൻകുബേഷൻ ഫെസിലിറ്റേഷന്റെ ഭാഗമായി വാടക നിരക്കുകൾ നിർണ്ണയിക്കുന്നതിന് ഭരണസമിതി തീരുമാന പ്രകാരം പരിഷ്കരിച്ച് സമർപ്പിക്കുന്നത് – സംബന്ധിച്ച്. | *അംഗീകാരം നൽകി*<br><br>*നടപടി: ഡി ഇ* |
| 4.2 | KVASU/DoE/A1/62/2023<br>കെ വി എ എസ് യു -ഡി ഇ - സർവ്വകലാശാല വെബ്സൈറ്റ് നവീകരണത്തിന് ടെണ്ടർ നടപടികൾക്ക് ശേഷം L1 ആയി അടയാളപ്പെടുത്തിയ സ്ഥാപനത്തിന് വെബ് സൈറ്റ് നവീകരിക്കുന്നതിനായി അനുമതി നൽകുന്നത് – സംബന്ധിച്ച് | ടെക്നിക്കൽ കമ്മിറ്റിയുടെ മീറ്റിങ്ങിന്റെ നടപടി കുറിപ്പ് ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ് യോഗത്തിൽ സമർപ്പിച്ചു. സർവകലാശാലയുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഡി.ഇയുടെ നേതൃത്വത്തിൽ ടെക്നിക്കൽ കമ്മിറ്റിയുമായി ചേർന്ന് ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനും, ടെക്നിക്കൽ അനുമതിയും നൽകി.<br><br>*നടപടി: ഡി ഇ* |
| 6.1 | KVASU/FW/PF_2/1214/2026<br>കെ.വി.എ.എസ്.യു- ധനകാര്യം – ലേല നടപടികൾ നിരീക്ഷിക്കുന്നതിന് ധനകാര്യ വിഭാഗത്തിൽ നിന്നും പ്രതിനിധിയെ അയക്കുന്നത് -സംബന്ധിച്ച്. | അടുത്ത യോഗത്തിലേക്ക് മാറ്റിവെച്ചു.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.2 | KVASU/FW/SO-ACCTS/1875/2026<br>കെ.വി.എ.എസ്.യു - ധനകാര്യ വിഭാഗം -സർവകലാശാലാ ജീവനക്കാരുടെ ക്ഷാമബത്ത 2026 ഫെബ്രുവരി മാസം മുതലും, വിരമിച്ച ജീവനക്കാരുടെ ക്ഷാമാശ്വാസം 2026 മാർച്ച് മാസം മുതലും വർദ്ധിപ്പിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 1. അനുമതി നൽകി.<br>ഡിഎ വർധനവ് ശമ്പളം ആയിട്ട് തന്നെ കണക്കാക്കേണ്ടതാണെന്ന് ബഹു. അംഗങ്ങൾ ആവശ്യപ്പെട്ടു ആയതിനാൽ ഇനി മുതൽ സർവകലാശാല ഡി എ സർവകലാശാലയിൽ എൻഡോഴ്സ് ചെയ്തതിന് ശേഷം വരുന്ന ഭരണസമിതിയിൽ റിപ്പോർട്ട് ചെയ്താൽ മതിയാകുന്നതാണെന്ന് തീരുമാനിച്ചു. |

(ഒപ്പ്)

രജിസ്ട്രാർ<br>(മെമ്പർ സെക്രട്ടറി)

വൈസ് ചാൻസലർ<br>(അധ്യക്ഷൻ)

| | | |
|---|---|---|
| | | 2. അനുമതി നൽകി.<br>3. നടപടികൾ സ്വീകരിക്കുന്നതാണ്<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.3 | KVASU/FW/Funds_1/1066/2023<br><br>കെ.വി.എ.എസ്.യു - ധനകാര്യ വിഭാഗം - 2025-26 സാമ്പത്തികവർഷത്തെ റിവൈസ്ഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ്, 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് എന്നിവ അംഗീകരിക്കുന്നത് - സംബന്ധിച്ച്. | അംഗീകരിച്ച് മാനേജ്മെൻറ് കൗൺസിലിലേക്ക് ശിപാർശ ചെയ്തു.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.4 | KVASU/FW/PF_2/6220/2024<br><br>കെ.വി.എ.എസ്.യു - ധനകാര്യ വിഭാഗം – സർവകലാശാല ജീവനക്കാരുടെ വായ്പ കുടിശ്ശികകൾ തീർപ്പാക്കുന്നത് സംബന്ധിച്ച്. | വെറ്റിനറി സർവകലാശാലയുടെ കീഴിലുള്ള വിവിധ സഹകരണ സംഘങ്ങളിൽ നിലവിൽ കുടിശ്ശിക/ബാധ്യത തീർക്കുന്നതിനായി അവരുടെ വിരമിക്കൽ ആനുകൂല്യമായ DCRG- യിൽ നിന്നും ബാധ്യത തുക മാത്രമായി റിട്ടയർമെൻറ് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള സീനിയോറിറ്റി മറികടന്ന് നേരിട്ട് സംഘങ്ങൾക്ക് അനുവദിക്കുന്നതിന് തീരുമാനിച്ചു. ഭരണ സമിതി തീയതിയായ 13-03-2026 ന് ശേഷമുള്ള ലോണുകൾക്ക് മേൽ തീരുമാനം ബാധകമല്ല. ധനകാര്യവകുപ്പിന്റെ 13/01/ 2021 തീയതിയിലെ സ. ഉ (അച്ചടി) ന.9/2021/ധന, 13/08/2025 സ.ഉ (അച്ചടി) നമ്പർ.101/2025/ധന ഉത്തരവിലെ നിർദേശങ്ങൾ കൃത്യമായി അനുസരിക്കണമെന്നും ആയതിൽ വീഴ്ച വരുത്തുന്ന DDO മാർ ഉത്തരവാദിയായിരിക്കുമെന്ന് അറിയിക്കുന്നതിനും തീരുമാനിച്ചു.<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**

| | | |
|---|---|---|
| 6.5 | KVASU/FW/So_Audit/1793/2026<br><br>കെ.വി.എ.എസ്.യു- ധനകാര്യം- പി.എഫ് അക്കൗണ്ടിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിക്കുന്നത് – സംബന്ധിച്ച്. | 1. അടുത്ത സാമ്പത്തിക വർഷം മുതൽ NRA, GPF ലോൺ പരിധി 5 ലക്ഷത്തിൽ നിന്നും 3 ലക്ഷമായി കുറക്കുന്നതിന് തീരുമാനിച്ചു.<br>2. വിരമിച്ച ജീവനക്കാരുടെ ജിപിഎഫ് തുക മുഴുവനായും നൽകുന്നതിന് തീരുമാനിച്ചു.<br>3. സർവകലാശാല സ്ഥാപിതമായത് മുതൽ നാളിതുവരെ പിഎഫ് ക്ലോഷർ ഇനത്തിൽ എത്ര രൂപ ജീവനക്കാർക്ക് നൽകി എന്നതിന്റെ കണക്ക് അടുത്ത ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നതിന് ഫിനാൻസ് ഓഫീസർക്ക് നിർദേശം നൽകാൻ തീരുമാനിച്ചു..<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| 6.6 | KVASU/FW/PEN_1/1075/2026<br><br>വിഷയം: കെ.വി.എ.എസ്.യു- ധനകാര്യ വിഭാഗം- പെൻഷൻ- തൊഴിലാളി/ അറ്റൻഡന്റ് വിഭാഗത്തിൽ നിന്നും ഉയർന്ന വിഭാഗത്തിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച് ഒരു വർഷം തികയുന്നതിന് മുമ്പ് വിരമിച്ച/വിരമിക്കുന്ന ജീവനക്കാരെ തൊഴിലാളി/അറ്റൻഡന്റ് വിഭാഗത്തോടൊപ്പം പരിഗണിച്ച് അവർക്ക് അർഹമായ ഡി.സി.ആർ.ജി തുക പൂർണ്ണമായും അനുവദിക്കുന്നത് – സംബന്ധിച്ച്. | അംഗീകാരം നൽകി .<br><br>*നടപടി: ഫിനാൻസ് ഓഫീസർ* |
| **ഇനം നമ്പർ** | **വിഷയം** | **തീരുമാനം** |
| OA: 1 | KVASU/GA/LO-12451/2021<br><br>കെ.വി.എ.എസ്.യു - പൊതുഭരണം- തൊഴിലാളി വിഭാഗം - സർവകലാശാലയുടെ കീഴിലുള്ള സി.ബി.എഫ്., തുമ്പൂർമുഴി, എൽ.ആർ.എസ്., തിരുവിഴാം | സാധൂകരണം നൽകി.<br><br>കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് പരിശോധിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയോട് പോസ്റ്റുകളുടെ എണ്ണം, പോസ്റ്റ് ട്രാൻസ്ഫർ ചെയ്യുമ്പോൾ ഉണ്ടാകുന്ന |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ
(അധ്യക്ഷൻ)

| | | |
|---|---|---|
| | കുന്ന് എന്നി സ്റ്റേഷനുകളിലെ ഒഴിവുള്ള സ്ഥിരം തൊഴിലാളി തസ്തികകളിലേക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തിയ ഫാം മേധാവികളുടെ നടപടിക്രമങ്ങൾക്ക് സാധൂകരണം നൽകുന്നത് സംബന്ധിച്ച്. | പ്രശ്നങ്ങൾ, ശിപാർശകൾ എന്നിവ സഹിതം വിശദമായി റിപ്പോർട്ട് അടുത്ത യോഗത്തിൽ സമർപ്പിക്കുന്നതിന് നിർദേശം നൽകാൻ തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| OA: 2 | KVASU/GA/A 5/1264/2024<br><br>KVASU-GA-A5-clarification regarding the granted HRA for more than 180 days to teachers on study leave-reg. | മേൽ വിഷയത്തിലുള്ള മറുപടി സർവകലാശാലയ്ക്ക് വേണ്ടി തയ്യാറാക്കി സമർപ്പിക്കുന്നതിന് ഡോ. ബിപിൻ. കെ. സി ഡോ. ശ്രീരഞ്ജിനി. എ. ആർ എന്നിവരെ ചുമതലപ്പെടുത്തി. റിപ്പോർട്ട് ഓഡിറ്റ് വിഭാഗത്തിന് സമർപ്പിച്ച ശേഷം അടുത്ത ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു.<br><br>നടപടി: രജിസ്ട്രാർ |
| OA: 3 | KVASU/GA/A5/2199/2013<br><br>കെ.വി.എ.എസ്.യു.- പൊതുഭരണം- ഡോ.സക്കറിയ ഇബ്രാഹിം , അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് എൽ.പി.എം., സി.വി.എ.എസ്., പൂക്കോട്-എം.ഫിൽ പഠനത്തിനായി അനുവദിച്ച എൽ.ഡബ്ല്യൂ.എ. കേരള സർവ്വീസ് റൂൾ ചട്ടം 91A പ്രകാരമുള്ള എൽ.ഡബ്ല്യൂ.എ. അയി പരിവർത്തനം ചെയ്യുന്നതിൽ തീരുമാനം എടുക്കുന്നത് സംബന്ധിച്ച്. | ഡോ. സക്കറിയ ഇബ്രാഹിം- ന് എംഫിൽ പഠനത്തിനായി അനുവദിച്ച ശൂന്യ വേതന അവധി കെഎസ്ആർ 91A പ്രകാരമുള്ള ശൂന്യ വേതന അവധിയാക്കി വ്യക്തത വരുത്തുന്നതിന് തീരുമാനിച്ചു.<br><br>*നടപടി: രജിസ്ട്രാർ* |
| OA-4 | KVASU/DAR/R4/2923/2024<br>KVASU – DAR – Research - Reappropriation of State Plan 2025-26-Reg | Approved and Recommended to Management Council.<br><br>*Action: DAR* |

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അധ്യക്ഷൻ)**

| | | |
|---|---|---|
| OA: 5 | KVASU/DAR/R4/2923/2024<br><br>കെ.വി.എ.എസ്.യു.- ഡി എ ആർ - റിസർച്ച് 2015-16 സാമ്പത്തിക വർഷത്തിലെ പ്ലാൻ പ്രൊജക്റ്റ്- Selection of 8th Week Body Weight in Kuttanad Ducks to Produce a Broiler Duck Line" റീ - അപ്രൊപ്രീയേഷൻ അംഗീകാരം നൽകുന്നത് സംബന്ധിച്ച് | അംഗീകരിച്ചു. മാനേജ്മെന്റ് കൗൺസിലി ലേക്ക് ശിപാർശ ചെയ്തു.<br><br>*നടപടി : ഡി എ ആർ* |
| OA-6 | KVASU/GA/A6 127 40 12025<br><br>KVASU – GA - Consideration of grant of CAS Promotion to Dr. Benjamin E.D. from Stage lll to Stage lV with effect from 22.04.2023 - reg. | Approved.<br><br>Action: Registrar |
| OA-7 | KVASU/GA/A1-11815/2022<br><br>കെ.വി.എ.എസ്.യു - പൊതുഭരണം- വേല വിലക്ക് (Period of suspe nsion) കാലയളവിന് ശേഷം അന്തിമ അച്ചടക്ക നടപടി ഉത്തരവിന്റെ അടി സ്ഥാനത്തിൽ ജോലിയിൽ തിരികെ പ്രവേശിച്ച ഡോ. എം. കെ നാരായണൻ പ്രൊഫസർ ഡോ. കാന്തനാഥൻ, അസിസ്റ്റന്റ് പ്രൊഫസർ എന്നിവരുടെ വേല വിലക്ക് കാലയളവ് ക്രമപ്പെട്ടു ത്തുന്നത് സംബന്ധിച്ച്. | മേജർ പണിഷ്മെന്റ് ആയതിനാൽ ഈ ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ കാലയ ളവായ 05-03-2024 മുതൽ 22-09-2025 വരെ ശൂന്യ വേതന അവധി അനുവദി ക്കാവുന്നതാണ് ഉചിതമെന്ന് ചെയർ അറിയിച്ചു.<br><br>മേൽ വിഷയം കൂടുതൽ പഠിക്കാനു ള്ളതിനാൽ വിശദമായി പഠിച്ചതിനുശേഷം തീരുമാനമെടുക്കാവുന്നതാണെന്ന് ബഹു. അംഗങ്ങൾ അറിയിച്ചു. ബഹു. ചാൻസ ലറുടെ അടുത്ത് അപ്പീൽ നിലനിൽക്കുന്ന കാര്യം ബഹു. വൈസ് ചാൻസലർ സൂചിപ്പിക്കുകയുണ്ടായി. വിഷയം അടുത്ത ഭരണസമിതി യോഗത്തിൽ പരിഗണിക്കു ന്നതിന് തീരുമാനിച്ചു.<br><br>നടപടി: രജിസ്ട്രാർ |

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ
(അധ്യക്ഷൻ)

**അജണ്ടാക്കുറിപ്പുകൾക്ക് പുറമേയുള്ള ചർച്ചകളും തീരുമാനങ്ങളും:**

1. ഭരണസമിതി യോഗങ്ങളിലേക്കുള്ള അജണ്ടാ കുറിപ്പുകൾ കൃത്യമായ തീയതിക്കകം സമർപ്പിക്കുന്നതിന് ഓഫീസ് മേധാവികൾക്ക് നിർദേശം നൽകുന്നതിന് തീരുമാനിച്ചു.
നടപടി: രജിസ്ട്രാർ
2. ഡോ. കാന്തനാഥൻ ഡോ. എം. കെ നാരായണൻ എന്നിവരെ ബോർഡ് ഓഫ് മാനേജ്മെൻറ് അംഗങ്ങൾ ആയ ശ്രീ സന്തോഷ്. സി. ആർ, ഡോ. ബിപിൻ. കെ. സി എന്നിവർ ഹിയറിങ് നടത്തുന്ന വിഷയത്തിൽ ഡോ. എം. കെ. നാരായണൻ ബഹു. ചാൻസലർക്ക് അപ്പീൽ നൽകിയിട്ടുണ്ടെന്നും ആയതിനാൽ ഹിയറിങ്ങിന്റെ ആവശ്യമുണ്ടോ എന്നത് രേഖാമൂലം ചോദിച്ചതായും ചെയർ അറിയിച്ചു. ബഹു ചാൻസലർക്ക് അപ്പീൽ നൽകിയ സാഹചര്യത്തിൽ അപ്പീൽ തീരുമാനമായതിനുശേഷം ഹിയറിങ് നടപടികളുമായി മുന്നോട്ടു പോകാവുന്നതാണ് എന്ന് ചെയർ അറിയിച്ചു.
നടപടി: രജിസ്ട്രാർ
3. ഹോസ്റ്റൽ മാനേജർ പോസ്റ്റുമായി ബന്ധപ്പെട്ട വിഷയത്തിൽ നിലവിൽ സർക്കാരിൽ നിന്നും മറുപടി ലഭ്യമായോ എന്ന് ഡോ. ബിപിൻ കെ സി യോഗത്തിൽ ചോദിക്കുകയും മറുപടി ലഭ്യമായിട്ടില്ലെന്ന് ചെയർ അറിയിക്കുകയും ചെയ്തു.
നടപടി: രജിസ്ട്രാർ
4. പൂക്കോട് വെറ്ററിനറി കോളേജ് കാൻറീൻ മെയിൻറനൻസ് നടത്തുന്നതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ലഭ്യമായിട്ടുണ്ടെന്ന് ഡോ. ബിബിൻ കെ സി അറിയിച്ചു. ബഹു ബോർഡ് അംഗം ഇടപെട്ട് കാൻറീൻ മെയിന്റനൻസ് സംബന്ധിച്ച് എത്ര രൂപ ചെലവാകുന്നതാണെന്ന് അടുത്ത യോഗത്തിൽ അറിയിക്കാൻ ചെയർ ആവശ്യപ്പെട്ടു.
5. ഫാം/ ക്ലിനിക്കൽ കമ്മിറ്റി മീറ്റിംഗ് റെഗുലറായി നടക്കുന്നില്ലെന്ന് ഡോ.ബിപിൻ കെ സി അറിയിച്ചു. അടുത്ത സാമ്പത്തിക വർഷം മുതൽ റെഗുലറായിട്ട് യോഗം കൂടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ചെയർ അറിയിച്ചു
നടപടി: രജിസ്ട്രാർ
6. കഴിഞ്ഞ അസിസ്റ്റൻറ് പ്രൊഫസർ നിയമനം, CAP പ്രമോഷനുമായി ബന്ധപ്പെട്ട് പൊതു ഭരണവിഭാഗത്തിലെ ജീവനക്കാരും, ധനകാര്യ വിഭാഗത്തിലെ പേ -സ്ലിപ്പ് സെക്ഷനുമായി ബന്ധപ്പെട്ട ജീവനക്കാരും വളരെ സ്തുത്യർഹമായ സേവനം അധ്യാപക വിഭാഗം ജീവനക്കാർക്കു വേണ്ടി ചെയ്തതിന് ബോർഡ് അംഗങ്ങൾ അഭിനന്ദനം അറിയിച്ചു.
നടപടി: രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ
7. അന്തർ സർവകലാശാല ജീവനക്കാരുടെ സ്റ്റാറ്റ്യൂട്ട് ഭേദഗതിയുമായി ബന്ധപ്പെട്ട വിഷയം പരിഗണിക്കേണ്ടതാണെന്ന് ശ്രീ. സന്തോഷ് സി. ആർ അറിയിച്ചു. മേൽ വിഷയം ബഹു. വൈസ് ചാൻസലർ പരിശോധിച്ച് ആയതിൽ പ്രശ്നങ്ങൾ ഇല്ലായെങ്കിൽ ആയത് ഭരണസമിതി അംഗീകരിച്ചതായി കണക്കാക്കുന്നതാണെന്നും, പ്രശ്നങ്ങൾ തോന്നുകയാണെങ്കിൽ അടുത്ത ഭരണസമിതിയിൽ സമർപ്പിക്കുന്നതാണെന്നും അറിയിച്ചു.
നടപടി: രജിസ്ട്രാർ

രജിസ്ട്രാർ
(മെമ്പർ സെക്രട്ടറി)

(ഒപ്പ്)
വൈസ് ചാൻസലർ
(അധ്യക്ഷൻ)

8. ലൈബ്രറി സ്റ്റാഫ് ജീവനക്കാർക്ക് നിലവിലുള്ള ഒഴിവിലേക്ക് പ്രമോഷൻ ലഭിച്ചിട്ടില്ലെന്ന് ശ്രീ. സന്തോഷ്. സി ആർ അറിയിച്ചു. മേൽ വിഷയം അടുത്ത ഭരണസമിതി യോഗത്തിൽ പരിഗണിക്കുന്നതാണെന്ന് ചെയർ അറിയിച്ചു

നടപടി: രജിസ്ട്രാർ

രജിസ്ട്രാർ, അധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 1.45 മണിക്ക് അവസാനിക്കുകയും ചെയ്തു.

**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അധ്യക്ഷൻ)**

*(23/03/2026 തീയതിയിൽ അംഗീകരിച്ചു)*